**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**
*E-mail: sitttr@gmail.com*
***Phone : 0484 2542355*** Web: www.sitttrkerala.ac.in

No.SITTTR/111/2026-P3 29.06.2026

**പോളിടെക്നിക് ഡിപ്ലോമ അഡ്മിഷൻ - 2026 - 27 - അന്തിമ റാങ്ക് ലിസ്റ്റും ഒന്നാമത്തെ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. ഒന്നാമത്തെ ഓപ്ഷൻ ലഭിക്കുന്ന അപേക്ഷകർ അവർക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ആപ്ലിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരായി ഫീസ് അടച്ചു അഡ്മിഷൻ നേടേണ്ടതാണ്. അപ്രകാരം ചെയ്യാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും തുടർന്നുള്ള അലോട്ടുമെന്റുകളിൽ നിന്നും അവരെ ഒഴിവാക്കുന്നതുമാണ്. എന്നാൽ അലോട്മെന്റിനു ശേഷം വരുന്ന കൗൺസലിംഗ്/സ്പോട് അഡ്മിഷൻ എന്നിവയിൽ പങ്കെടുക്കാവുന്നതാണ്.
2. നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ അപേക്ഷകർക്ക് അത് ഒന്നാമത്തെ ഓപ്ഷൻ അല്ലെങ്കിലും ആപ്ലിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി ഫീസ് അടച്ചു അഡ്മിഷൻ നേടാവുന്നതാണ്.
3. ഇപ്പോൾ ലഭിച്ച അലോട്ട്മെന്റ് നിലനിർത്തുകയും എന്നാൽ ഉയർന്ന ഓപ്ഷനുകളിലേക്ക് മാറാൻ ആഗ്രഹിക്കുന്നതുമായ അപേക്ഷകർ ഏറ്റവുമടുത്തുള്ള ഗവൺമെന്റ് / എയ്ഡഡ്/IHRD/CAPE പോളിടെക്നിക്കുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി (സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതാണ്) ഹാജരായി വെരിഫിക്കേഷൻ നടത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്. അങ്ങനെയുള്ള അപേക്ഷകർ രണ്ടാമത്തെ അലോട്ട്മെന്റിൽ അഡ്മിഷൻ എടുക്കേണ്ടതും അല്ലാത്ത പക്ഷം അലോട്ട്മെന്റ് റദ്ദാകുന്നതുമായിരിക്കും
4. ഇപ്പോൾ ലഭിച്ച അലോട്ട്മെൻറ്റിൽ താല്പര്യമില്ലാത്തവരും ഉയർന്ന ഓപ്ഷൻ മാത്രം പരിഗണിക്കുന്നവരും നിലവിൽ ഒന്നും ചെയ്യേണ്ടതില്ല. അവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്.
5. അലോട്ട്മെന്റ് ലഭിച്ചവർക്ക് അവരുടെ നിലവിലെ ഓപ്ഷനുകൾ re-arrange ചെയ്യുന്നതിനോ remove ചെയ്യുന്നതിനോ ഹോം സ്ക്രീനിലെ PARTIAL CANCELLATION / RE-ARRANGEMENT OF OPTIONS എന്ന ലിങ്ക് വഴി സാധിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

Digitally signed by
Cinimole K G
Date: 29-06-2026
16:19:42